# SAMAGRA PLUS

## ANNUAL TERM SAMPLE PRACTICE PAPER

**ക്ലാസ് - 5** **അടിസ്ഥാനശാസ്ത്രം**

**സമയം : 2 മണിക്കൂർ** **സ്കോർ : 25 മാർക്ക്**

**നിർദേശങ്ങൾ**

- മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
- ആകെ 7 പ്രവർത്തനങ്ങളുണ്ട്. അതിൽ 5 പ്രവർത്തനങ്ങൾക്ക് ഉത്തരമെഴുതുക.

**പ്രവർത്തനം 1**

നമുക്ക് ചുറ്റും കാണപ്പെടുന്ന സസ്യങ്ങളുടെ ഇലകൾ വിവിധ തരത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. ചെമ്പരത്തി, തുളസി, ഏഴിലംപാല എന്നിവയുടെ ഇലകളുടെ ക്രമീകരണമാണ് തന്നിരിക്കുന്നത്.


ചെമ്പരത്തി


തുളസി


ഏഴിലംപാല

എ) തന്നിരിക്കുന്ന സസ്യങ്ങളെ ഇലകളുടെ വിന്യാസത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിക്കുക. ഉചിതമായ തലക്കെട്ട് നല്കുക.

(കോളാമ്പി, സൂര്യകാന്തി, പേര, അരളി, മാവ്, തുമ്പ,)

ബി) സസ്യങ്ങളുടെ ഇലകൾ വ്യത്യസ്തമായ രീതിയിൽ ക്രമീകരിക്കേണ്ടതിന്റെ ആവശ്യകതയുണ്ടോ? ഉത്തരം ന്യായീകരിക്കുക.


സി) ഞാനാണ് സസ്യങ്ങളെ പ്രകാശസംശ്ലേഷണത്തിന് സഹായിക്കുന്നത്. എനിക്ക് പച്ച നിറമാണ്. സസ്യങ്ങൾ പച്ചനിറം ഉണ്ടാകാൻ കാരണം എന്റെ സാന്നിധ്യമാണ്. എന്റെ പേര് പറയാമോ?

a) ആന്തോസയാനിൻ b) സാന്തോഫിൽ c)ഹരിതകം d)കരോട്ടിൻ

**പ്രവർത്തനം 2**

പയർ, ചോളം എന്നിവയുടെ ബീജപത്രം ആണ് തന്നിരിക്കുന്നത്. ഈ സസ്യങ്ങളുടെ സവിശേഷതകളിൽ ചില വ്യത്യാസങ്ങൾ ഉണ്ട്.



എ) പട്ടിക പൂർത്തിയാക്കുക

| സസ്യം | സിരാവിന്യാസം | വേരുപടലം |
|---|---|---|
| | | |
| | | |


ബി) ചോളത്തിൽ കാണപ്പെടുന്ന ബീജാന്നത്തിന്റെ ധർമ്മം എന്ത്?
സി) പയർവിത്തിലെ ബീജപത്രത്തിന്റെ എണ്ണത്തിന് സമാനമായ എണ്ണം ബീജപത്രമുള്ള ഒരു സസ്യത്തിന്റെ പേര് എഴുതുക?
ഡി) ചോളം ഇലയിൽ കാണപ്പെടുന്നത് സമാന്തരസിരാവിന്യാസമാണ്. കൂട്ടത്തിൽ നിന്ന് സമാന്തരസിരാവിന്യാസം ഇല്ലാത്ത സസ്യത്തെ കണ്ടെത്തുക.

a) കരിമ്പ് b) നെല്ല് c)കടല d)ഗോതമ്പ്

**പ്രവർത്തനം 3**

വിവിധ ആവശ്യങ്ങൾക്കായി ഇന്ത്യ നിരവധി കൃത്രിമോപഗ്രഹങ്ങൾ വിക്ഷേപിച്ചിട്ടുണ്ട്. ഇൻസാറ്റ്, എജ്യുസാറ്റ് എന്നിവ അവയിൽ ചിലതാണ്.

എ) ഇന്ത്യ വിക്ഷേപിച്ച കൃത്രിമോപഗ്രങ്ങളുടെ പ്രധാന ഉപയോഗങ്ങൾ കണ്ടെത്തി ആശയഭൂപടം തയ്യാറാക്കുക.



ബി) ജി പി എസിന് സമാനമായ ഇന്ത്യൻ സംവിധാനത്തിന്റെ പേര് എഴുതുക.
സി) സൗരയൂഥത്തിന്റെ കേന്ദ്രം സൂര്യൻ. സൂര്യനെ വലംവെയ്ക്കുന്ന ഭൂമി, ഭൂമിയുടെ ഉപഗ്രഹമായ ചന്ദ്രൻ, സൂര്യനോട് എറ്റവും അടുത്തു നിൽക്കുന്ന ആൽഫാസെൻ്റോറി A എന്നിവ ആകാശഗോളങ്ങളാണല്ലോ?. ഇവയുടെ വലുപ്പം കൂടിവരുന്ന ക്രമം താഴെതന്നിരിക്കുന്നു. ശരിയായത് തെരഞ്ഞെടുക്കുക.

1) സൂര്യൻ, ഭൂമി, ചന്ദ്രൻ, ആൽഫാസെൻ്റോറി A
2) സൂര്യൻ, ആൽഫാസെൻ്റോറി A, ചന്ദ്രൻ, ഭൂമി
3) ചന്ദ്രൻ, ഭൂമി, സൂര്യൻ,ആൽഫാസെൻ്റോറി A
4) ആൽഫാസെൻ്റോറി A, സൂര്യൻ, ഭൂമി, ചന്ദ്രൻ

**പ്രവർത്തനം 4**

വീടുകളിൽ പാചകം ചെയ്യുന്നതിനായി വിവിധ സംവിധാനങ്ങൾ ഉപയോഗിക്കുന്നു.



എ) മുകളിൽ തന്നിട്ടുള്ളത് ഏത് തരം അടുപ്പുകൾ ആണ്?
ബി) വിറക് അടുപ്പിൽ വിറക് നന്നായി കത്തുന്നതിന് എന്തൊക്കെ കാര്യങ്ങൾ ശ്രദ്ധിക്കണം?
സി) കത്തുന്നതിന് വായു ആവശ്യമാണ് എന്ന് തെളിയിക്കുന്നതിന് ഒരു പരീക്ഷണം രൂപകൽപന ചെയ്യുക.

### പ്രവർത്തനം 5

ലോക വൈറ്റ്കെയിൻ ദിനത്തോടനുബന്ധിച്ച് ശാസ്ത്രക്ലബ്ബിന്റെ നേതൃത്വത്തിൽ ഒരു സെമിനാർ സംഘടിപ്പിക്കാൻ തീരുമാനിച്ചു.
എ) കാഴ്ചപരിമിതിയുള്ള ആളുകളെ സഹായിക്കാൻ ഉപയോഗിക്കുന്ന സംവിധാനങ്ങൾ ഉൾപ്പെടുത്തി സെമിനാറിലേക്ക് ഒരു കുറിപ്പ് തയാറാക്കുക.
ബി) കാഴ്ചപരിമിതിയുള്ള ആളുകൾ എഴുതാനും. വായിക്കാനും ഉപയോഗിക്കുന്ന സംവിധാനത്തിന് പറയുന്ന പേരെന്ത്?
സി) നേത്രദാനം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി വിദ്യാലയത്തിൽ നടത്തുന്ന പോസ്റ്റർ രചനാ മത്സരത്തിലേക്കായി ഒരു പോസ്റ്റർ തയാറാക്കുക.

### പ്രവർത്തനം 6

ചുറ്റുപാടുകളെ മനസ്സിലാക്കുന്നതിന് സഹായിക്കുന്ന വിവിധതരം അവയവങ്ങൾ ജന്തുക്കൾക്കുണ്ട്. ഇവയെ ജ്ഞാനേന്ദ്രിയങ്ങൾ എന്ന് പറയുന്നു.

എ) ചിത്രശലഭങ്ങളെ രുചി തിരിച്ചറിയാൻ സഹായിക്കുന്ന അവയവം ഏത്?
ചിറക്, സ്പർശനികൾ, കാല്. ത്വക്ക്
ബി) ഈ സുന്ദരമായ ഭൂമിയിലെ ദൃശ്യങ്ങൾ കാണാൻ നമ്മെ സഹായിക്കുന്ന അവയവമാണ് കണ്ണ്. കണ്ണിന്റെ ആരോഗ്യത്തിന് നാം പാലിക്കേണ്ട ആരോഗ്യശീലങ്ങൾ എന്തെല്ലാമാണ്?
സി) കേൾക്കാൻ നമ്മെ സഹായിക്കുന്ന ഇന്ദ്രീയമായ ചെവി ക്ക് പല കാരണങ്ങൾ കൊണ്ട് കേൾവിക്കുറവ് ഉണ്ടാകാറുണ്ട്. ഇത് പരിഹരിക്കുന്നതിനായി ഉപയോഗിക്കുന്ന ഉപകരണത്തിന്റെ പേര് എന്ത്?
ഡി) ചവച്ചരയ്ക്കുമ്പോൾ ഭക്ഷണ പദാർത്ഥങ്ങളുടെ സ്വാദ് കൂടുതൽ ആസ്വാദ്യകരമാകുന്നു എന്ന് നമുക്കറിയാം. നാവിന്റെ ഉപരിതലത്തിൽ, സ്വാദ് അറിയാൻ സഹായിക്കുന്ന സവിശേഷ ഭാഗമേത് ?


### പ്രവർത്തനം 7

ജന്തുലോകത്ത് കാണപ്പെടുന്ന വൈവിധ്യമുള്ള ജീവികളാണ് പ്രാണികൾ. വിവിധതരം പ്രാണികളുടെ ലാർവകളാണ് ചിലയിനം പുഴുക്കൾ.

എ) ക്ലാസ്സിൽ മനു പ്രാണികളും അവയുടെ ലാർവകളും ഉൾപ്പെട്ടിട്ടുള്ള പട്ടിക തയ്യാറാക്കുകയാണ്. ഇത് പരിശോധിച്ച് തെറ്റുണ്ടെങ്കിൽ ശരിയായ രീതിയിൽ ക്രമീകരിക്കുവാൻ മനുവിനെ സഹായിക്കാമോ?

| പ്രാണികൾ | ലാർവ |
|---|---|
| ശലഭം | ഗ്രബ്സ് |
| കൊതുക് | കാറ്റർപില്ലർ |
| ചെല്ലി | കുഴിയാന |
| തുമ്പി | റിഗ്ളർ |

ബി) പാറ്റയുടെ രൂപാന്തരണഘട്ടങ്ങളുടെ ചിത്രീകരണം ശ്രദ്ധിക്കു.



1. പാറ്റയുടെ മുട്ട വിരിഞ്ഞുണ്ടാകുന്ന കുഞ്ഞുങ്ങൾക്ക് പറയുന്ന പേരെന്ത്?
2. പാറ്റയുടെ രൂപാന്തരണഘട്ടങ്ങൾ വിശദീകരിക്കുക

സി) പുഴുക്കൾ കൊണ്ടുള്ള ഉപകാരങ്ങൾ എന്തെല്ലാം?

# Scoring Key

**Class 5** **Basic Science** **Score 30**

| No | | Key points | Score | Total |
|---|---|---|---|---|
| 1 | A | ഇലകളുടെ വിന്യാസം – തരംതിരിക്കുക, തലക്കെട്ട് നല്കുക. | 2 | 5 |
| | B | ഇലകൾ വ്യത്യസ്തമായ രീതിയിൽ ക്രമീകരിക്കേണ്ടതിന്റെ ആവശ്യകത | 2 | |
| | C | ഹരിതകം | 1 | |
| 2 | A | പട്ടിക പൂർത്തിയാക്കുക | 2 | 5 |
| | B | ബീജാന്നത്തിന്റെ ധർമ്മം | 2 | |
| | C | പയർവിത്തിലെ സമാനമായ എണ്ണം ബീജപത്രമുള്ള ഒരു സസ്യത്തിന്റെ പേര് എഴുതുക | 1 | |
| 3 | A | ആശയഭൂപടം തയ്യാറാക്കുക | 2 | 5 |
| | B | ജി പി എസിന് സമാനമായ ഇന്ത്യൻ സംവിധാനം | 1 | |
| | C | ശരിയായത് തെരഞ്ഞെടുക്കുക | 2 | |
| 4 | A | അടുപ്പുകളുടെ പേരുകൾ | 1 | 5 |
| | B | വിറക് നന്നായി കത്തുന്നതിന് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ | 2 | |
| | C | പരീക്ഷണം രൂപകൽപന | 2 | |
| 5 | A | സെമിനാറിലേക്ക് ഒരു കുറിപ്പ് തയാറാക്കുക | 2 | 5 |
| | B | സംവിധാനത്തിന്റെ പേര് | 1 | |
| | C | പോസ്റ്റർ തയാറാക്കുക | 2 | |
| 6 | A | ചിത്രശലഭങ്ങളെ രുചി തിരിച്ചറിയാൻ സഹായിക്കുന്ന അവയവം | 1 | 5 |
| | B | കണ്ണിന്റെ ആരോഗ്യത്തിന് നാം പാലിക്കേണ്ട ആരോഗ്യശീലങ്ങൾ | 2 | |
| | C | ഉപകരണത്തിന്റെ പേര് | 1 | |
| | D | നാവിൽ സ്വാദ് അറിയാൻ സഹായിക്കുന്ന സവിശേഷഭാഗത്തിന്റെ പേര് | 1 | |
| 7 | A | പ്രാണികളും അവയുടെ ലാർവകളും ഉൾപ്പെട്ടിട്ടുള്ള പട്ടികയിലെ തെറ്റ് തിരുത്തൽ | 2 | 5 |
| | B | പാറ്റയുടെ മുട്ട വിരിഞ്ഞുണ്ടാകുന്ന കുഞ്ഞുങ്ങൾക്ക് പറയുന്ന പേര് | 1 | |
| | C | പാറ്റയുടെ രൂപാന്തരണഘട്ടങ്ങൾ | 1 | |
| | D | പുഴുക്കൾ കൊണ്ടുള്ള ഉപകാരങ്ങൾ – 2 | 1 | |